**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 168** | **12-02-2024 - ൽ മറുപടിയ്ക്ക്**

**ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആന്റിബയോട്ടിക്കുകളുടെ അമിതോപയോഗം തടയുന്നതിനും ഇത് സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി നടത്തിവരുന്ന ഇടപെടലുകൾ മൂലമുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | രാജ്യത്ത് ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയവും ഡോക്ടറുടെ മേൽനോട്ടമില്ലാതെയുമുള്ള ഉപയോഗം കൂടുന്നതായി വിവിധ പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് പതിനായിരം കോടി രൂപയുടെ മരുന്നുകളാണ് പ്രതിവർഷം വിറ്റഴിക്കപ്പെടുന്നത് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രതിരോധം, വീര്യം എന്നിവ അടിസ്ഥാനപ്പെടുത്തി ആന്റിബയോട്ടിക്കിന്റെ ഉപയോഗം ലോകാരോഗ്യ സംഘടന നിജപ്പെടുത്തിയിട്ടുണ്ട്.<br><br>ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗം കാരണം രോഗാണുക്കൾ ആന്റിബയോട്ടിക്കുകൾക്കെതിരെ പ്രതിരോധ ശേഷി കൈവരിക്കുന്നതിനെയാണ് ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് എന്ന് പറയുന്നത്. ലോകാരോഗ്യ സംഘടന AMR നെ വിശേഷിപ്പിച്ചത് നിശബ്ദ മഹാമാരി എന്നാണ്. ലോകാരോഗ്യ സംഘടന മനുഷ്യരാശിയെ ബാധിക്കുന്ന 10 പ്രധാന ഘടകങ്ങളിൽ പ്രധാനമായ ഒന്നായി AMR-നെ കണക്കാക്കുന്നു. ഇപ്പോഴത്തെ സ്ഥിതി തുടർന്നാൽ 2050- ഓടെ പ്രതിവർഷം 1 കോടി ആളുകൾ ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കൊണ്ട് മരണപ്പെടുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ആയതിനാൽ ഇതിന് അടിയന്തര ശ്രദ്ധ ആവശ്യമാണ് എന്ന് മനസ്സിലാക്കി, വളരുന്ന ഈ പ്രശ്നത്തെ നേരിടാൻ സംസ്ഥാനം ഇതിനകം തന്നെ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. എ.എം.ആർ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തന പദ്ധതിക്ക് മാർഗ്ഗനിർദേശം നൽകുന്നതിന് രാജ്യത്ത് എ.എം.ആറിന്റെ തെളിവുകൾ സൃഷ്ടിക്കുന്നതിനായി |

ഗുണനിലവാരമുള്ള എഎംആർ നിരീക്ഷണ ഡാറ്റ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ AMR (ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ്) സർവൈലൻസും കേരളത്തിൽ KARSAP (കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ) വഴി ആരംഭിച്ചിട്ടുണ്ട് .

AMR action plan തയ്യാറാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. KARSAP - കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ സംസ്ഥാനം പുറത്തിറക്കുകയും കേരളത്തിലെ എഎംആർ-ന്റെ വ്യാപ്തി, തോത്, നിരീക്ഷണം എന്നിവ കണക്കാക്കുന്നതിനായി കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സർവൈലൻസ് നെറ്റ് വർക്ക് (കാർസ്-നെറ്റ്) സ്ഥാപിക്കുകയും ചെയ്തു. ലോകാരോഗ്യ സംഘടന(WHO)-യുടെ സാങ്കേതിക പിന്തുണയോടെ പൊതു, സ്വകാര്യ മേഖലകളിൽ നിന്നുള്ള 40 ലബോറട്ടറികളിലായി ഈ ശൃംഖല വിപുലീകരിച്ചിട്ടുണ്ട്.

ഏകാരോഗ്യം എന്ന ആശയത്തിൽ ഊന്നി ആരോഗ്യ വകുപ്പ്, മൃഗസംരക്ഷണം, ഫിഷറീസ്, മലിനീകരണ നിയന്ത്രണം, ഡ്രഗ്സ് കൺട്രോൾ മുതലായ ഡിപ്പാർട്ട്മെന്റുകളുടെ സംയോജിത പ്രവർത്തനമാണ് KARSAP -എഎംആർ പ്രോഗ്രാം-ന്റെ ഭാഗമായി നടപ്പിലാക്കുന്നത്.

KARSAP-ന് കീഴിൽ ആറ് തന്ത്രപ്രധാനമായ മുൻഗണനകളാണുള്ളത് :

1. Awareness & Understanding (ബോധവൽക്കരണവും ധാരണയും)

2. Knowledge & Evidence ( അറിവും തെളിവും)

3. INFECTION PREVENTION (അണുബാധ നിയന്ത്രണം)

4. Rational Antibiotic Therapy

5. Research(ഗവേഷണം)

6. Collaboration (സഹകരണം)

ബ്ലോക്ക്തല AMR കമ്മിറ്റികൾ രൂപീകരിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. ആരോഗ്യ വകുപ്പിന് കീഴിലുള്ള 191 ആരോഗ്യ ഹെൽത്ത് ബ്ലോക്കുകളിൽ AMR കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ആന്റിബയോട്ടിക്കുകളുടെ അമിത

ഉപയോഗം തടയുന്നതിന് രാജ്യത്ത് ആദ്യമായി ബ്ലോക്ക്തല ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കമ്മിറ്റികൾക്കുള്ള എസ്.ഒ.പി. (SOP) സംസ്ഥാനം പുറത്തിറക്കിയിട്ടുണ്ട് .

ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ രൂപീകരണം, ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, നിരീക്ഷണം എന്നിവ സംബന്ധിച്ച സമഗ്ര മാർഗ്ഗരേഖയാണ് പുറത്തിറക്കിയത്. ആന്റിബയോട്ടിക് സാക്ഷരത കൈവരിക്കാൻ ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വളരെ പ്രധാനമാണ്.

ബ്ലോക്ക് മെഡിക്കൽ ഓഫീസർ ചെയർമാനായുള്ള ബ്ലോക്കുതല എ.എം.ആർ. കമ്മിറ്റിയിൽ ആരോഗ്യ വകുപ്പ്, കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, അക്വാകൾച്ചർ, ഭക്ഷ്യസുരക്ഷ, മലിനീകരണ നിയന്ത്രണം തുടങ്ങിയ വകുപ്പുകളിലെയും ഐഎംഎ, ഐ.എ.പി, എ.പി.ഐ തുടങ്ങിയവയിലെയും പ്രതിനിധികളുണ്ട്.

ജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും സ്ഥാപനങ്ങൾക്കും ആന്റിബയോട്ടിക്കുകളുടെ ശരിയായ ഉപയോഗത്തെക്കുറിച്ചും അണുബാധ നിയന്ത്രണ രീതികളെക്കുറിച്ചും സാർവത്രിക അവബോധം നൽകുക എന്നതാണ് ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ പ്രധാന ലക്ഷ്യം. അംഗീകൃത മെഡിക്കൽ ഓഫീസറുടെ കുറിപ്പടിക്കനുസൃതമായി മാത്രം ആന്റിബയോട്ടിക്കുകൾ കഴിക്കുക, ആന്റിബയോട്ടിക് രഹിത ഭക്ഷണവും വെള്ളവും ഉപയോഗിക്കുക, ഉപയോഗിക്കാത്തതും കാലഹരണപ്പെട്ടതുമായ ആന്റിബയോട്ടിക്കുകളും മരുന്നുകളും സുരക്ഷിതമായി നീക്കം ചെയ്യുക എന്നിവയുടെ പ്രാധാന്യം സംബന്ധിച്ച് അവബോധം നൽകുന്നു.

പ്രതിമാസ ബ്ലോക്ക് തല അവലോകന യോഗങ്ങളിൽ എഎംആർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ബ്ലോക്ക് മെഡിക്കൽ ഓഫീസർ അവലോകനം ചെയ്യുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. പ്രതിമാസ റിപ്പോർട്ടുകൾ ഡിഎംഒ, ബ്ലോക്ക് എഎംആർ കമ്മിറ്റികൾക്ക് സമർപ്പിക്കുകയും പ്രതിമാസ കോൺഫറൻസുകളിൽ വിലയിരുത്തുകയും ചെയ്തു വരുന്നു.ബ്ലോക്കുകളിൽ നിന്നുള്ള ഏകീകൃത റിപ്പോർട്ടുകൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ ഡിഎച്ച്എസ്, എഡിഎച്ച്എസ് മെഡിക്കൽ ആൻഡ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്നിവർക്കും റിപ്പോർട്ട് ചെയ്യുന്നു.

റിപ്പോർട്ടുകൾ പ്രതിമാസ അടിസ്ഥാനത്തിൽ ഡി.എച്ച്.എസിന്റെ നിർദ്ദേശപ്രകാരം എഡിഎച്ച്എസ് (മെഡിക്കൽ) വിശകലനം ചെയ്യുകയും തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിനായി എസ്എംഒ കോൺഫറൻസുകളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

കുറിപ്പടിയില്ലാതെയുള്ള ആന്റി ബയോട്ടിക്കുകളുടെ വിൽപ്പന തടയുന്നതിനായി ഓപ്പറേഷൻ അമൃത് (OPERATION AMRITH- ANTIMICROBIAL RESISTANCE INTERVENTION FOR TOTAL HEALTH) എന്ന് നാമകരണം ചെയ്ത ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പദ്ധതി ഫലപ്രദമായ നടപ്പിൽ വരുത്തുന്നതിനായി വകുപ്പിന്റെ ടോൾ ഫ്രീ നമ്പർ വഴി (1800 4253 182) പൊതുജനങ്ങളിൽ നിന്ന് പരാതികൾ നേരിട്ട് സ്വീകരിക്കുന്നതിനുള്ള സംവിധാനം 06/01/2024 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള ഷെഡ്യൂൾ എച്ച്, ഷെഡ്യൂൾ എച്ച്1 മരുന്നുകൾ ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ വിൽപ്പന നടത്തുന്നതല്ലായെന്ന മുന്നറിയിപ്പ് എല്ലാ ഔഷധ വ്യാപാര സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിന് ഡ്രഗ്സ് കൺട്രോളർ വ്യാപാരികൾക്ക് കർശനം നിർദ്ദേശവും നൽകിയിട്ടുണ്ട്.

എല്ലാ ജില്ലകളിലെയും AMRമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ മാസം തോറും അവലോകനം ചെയ്യുകയും വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നു. അങ്ങനെ കൂടുതൽ ആശുപത്രികളിലേക്ക് ഈ ആശയം എത്തിക്കാനും അവരെയും ആന്റി ബയോട്ടിക് സ്മാർട്ട് ആക്കാൻ പ്രചോദനം നല്കാനും തുടർ പ്രവർത്തനങ്ങൾ അവരുടെ തലത്തിൽ ഏറ്റെടുത്തു ചെയ്യാനും ആരംഭിച്ചിട്ടുണ്ട്. കൂടാതെ AMR സർവേയലൻസ് നെറ്റ് വർക്ക് വഴി രോഗികളിലെ അണുബാധകളിലെ ആന്റിബയോട്ടിക് സസപ്റ്റബിലിറ്റി തിരിച്ചറിയാനും സംസ്ഥാനതല ആന്റിബയോഗ്രാം 2021, 2022 വർഷങ്ങളിലേതും എറണാകുളം ജില്ലയുടെ റീജിയണൽ ആന്റിബയോഗ്രാം 2022 ലെയും പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടുണ്ട്. ജില്ലാതല ആന്റിബയോഗ്രാം ഉണ്ടാക്കാൻ സാധിക്കുന്നത് രാജ്യത്തു തന്നെ ആദ്യമാണ്. കൂടാതെ ഈ വിവരങ്ങൾ ലോകാരോഗ്യ സംഘടനയുടെ whonet നല്കുക വഴി ആഗോള

| | | | |
|---|---|---|---|
| | | | തലത്തിലെ ഗവേഷണ പ്രവർത്തനങ്ങളിലും പങ്കാളിയാവാനും സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.<br><br>അമൃത് പദ്ധതി (AMRITH – Antimicrobial Resistance intervention for Total Health) -യുടെ ഭാഗമായി മെഡിക്കൽ സ്റ്റോറുകളിൽ കുറിപ്പടിയില്ലാതെ മരുന്ന് വിതരണം ചെയ്യുന്നത് താരതമ്യേന കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്നും അതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) | "ആന്റിബയോട്ടിക്ക് സ്മാർട്ട് ഹോസ്പിറ്റൽ " എന്നത് കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഒരു ആശയമാണ്. ഇന്ത്യയിൽ ഇത്തരം ഒരു സംരംഭം ആദ്യമാണ്. ആന്റിബയോട്ടിക്ക് സ്മാർട്ട് ആശുപത്രി ആയി പ്രഖ്യാപിക്കുന്നതിന് ഒരു FHC/CHC/PHC ചുവടെ ചേർത്തിരിക്കുന്ന 10 മാനദണ്ഡങ്ങൾ പാലിക്കണം.<br><br>1. AMR നെ പറ്റി മലയാളത്തിലുള്ള IEC ആശുപത്രിയിൽ പ്രദർശിപ്പിക്കണം.<br><br>2. സ്ഥാപനത്തിലെ എല്ലാ ജീവനക്കാരും അണുബാധ നിയന്ത്രണത്തിനെപ്പറ്റി പരിശീലനം സിദ്ധിച്ചവരാകണം.<br><br>3. കുറിപ്പടികളുടെ ആഡിറ്റ് മൂന്നു മാസത്തിലൊരിക്കൽ നടത്തണം.<br><br>4. ആശുപത്രിയിൽ അണുബാധ നിയന്ത്രണത്തിനുള്ള കമ്മിറ്റിയും, ആന്റിബയോട്ടിക് സ്റ്റീവാർഡ് ഷിപ്പ് കമ്മറ്റിയും ഉണ്ടായിരിക്കണം.<br><br>5. പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കാനുള്ള ക്ലാസുകൾ രണ്ടാഴ്ചയിൽ ഒരിക്കൽ നടത്തണം.<br><br>6. OP യിൽ നിന്ന് നല്കിയ ആന്റിബയോട്ടിക്കുകളുടെ മെടിക്സ് ലോകാരോഗ്യ സംഘടന ആവശ്യപ്പെടുന്ന അവെയർ (AWaRe) ക്ലാസിഫിക്കേഷൻ പ്രകാരമാണോയെന്ന് മൂന്നു മാസത്തിലാരിക്കൽ പരിശോധിച്ചിരിക്കണം.<br><br>7. കൂടാതെ ആശുപത്രി NQAS സർട്ടിഫിക്കറ്റ് ലഭിച്ചതോ, ഒരു വർഷത്തിനുള്ളിൽ നേടാൻ ആസൂത്രണം ചെയ്തതോ ആയിരിക്കണം.<br><br>8. ആന്റിബയോട്ടിക്കുകളുടെ അവെയർ (AWaRe) ക്ലാസിഫിക്കേഷൻ പ്രിസ്ക്രൈബ് ചെയ്യുന്ന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കണം.<br><br>9. പ്രിസ്ക്രൈബ് ചെയ്യുന്ന ആന്റിബയോട്ടിക്കുകളിൽ 95% അധികം അക്സസ് (Access) കാറ്റഗറിയിൽ |

| | | | |
|---|---|---|---|
| | | | നിന്നുള്ളതായിരിക്കണം.<br><br>10. പ്രൗഡ് (PROUD) പദ്ധതി അല്ലെങ്കിൽ ശാസ്ത്രീയ രീതിയിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ നീക്കം ചെയ്യാനുള്ള സംവിധാനം ഉണ്ടായിരിക്കണം.<br><br>ബ്ലോക്ക് എഎംആർ കമ്മിറ്റി ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു.<br><br>സംസ്ഥാനത്ത് എല്ലാ ആശുപത്രികളെയും ഘട്ടംഘട്ടമായി ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കി മാറ്റുകയാണ് ലക്ഷ്യമിടുന്നത്. അതിനുള്ള നിർദ്ദേശം നൽകുകയും പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിലെ കക്കോടി കുടുംബാരോഗ്യ കേന്ദ്രം രാജ്യത്തെ ആദ്യത്തെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി മാറി. തുടർന്ന് പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രവും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി മാറിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | "ആന്റിബയോട്ടിക്ക് സ്മാർട്ട് ഹോസ്പിറ്റൽ " എന്നത് കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഒരു ആശയമാണ്. ഇന്ത്യയിൽ ഇത്തരം ഒരു സംരംഭം ആദ്യമാണ്. ആന്റിബയോട്ടിക്ക് സ്മാർട്ട് ആശുപത്രി ആയി പ്രഖ്യാപിക്കുന്നതിന് ഒരു FHC/CHC/PHC ചുവടെ ചേർത്തിരിക്കുന്ന 10 മാനദണ്ഡങ്ങൾ പാലിക്കണം.<br><br>1. AMR നെ പറ്റി മലയാളത്തിലുള്ള IEC ആശുപത്രിയിൽ പ്രദർശിപ്പിക്കണം.<br><br>2. സ്ഥാപനത്തിലെ എല്ലാ ജീവനക്കാരും അണുബാധ നിയന്ത്രണത്തിനെപ്പറ്റി പരിശീലനം സിദ്ധിച്ചവരാകണം.<br><br>3. കുറിപ്പടികളുടെ ആഡിറ്റ് മൂന്നു മാസത്തിലൊരിക്കൽ നടത്തണം.<br><br>4. ആശുപത്രിയിൽ അണുബാധ നിയന്ത്രണത്തിനുള്ള കമ്മിറ്റിയും, ആന്റിബയോട്ടിക് സ്റ്റീവാർഡ് ഷിപ്പ് കമ്മറ്റിയും ഉണ്ടായിരിക്കണം.<br><br>5. പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കാനുള്ള ക്ലാസുകൾ രണ്ടാഴ്ചയിൽ ഒരിക്കൽ നടത്തണം.<br><br>6. OP യിൽ നിന്ന് നല്കിയ ആന്റിബയോട്ടിക്കുകളുടെ മെട്രിക്സ് ലോകാരോഗ്യ സംഘടന ആവശ്യപ്പെടുന്ന അവെയർ (AWaRe) ക്ലാസിഫിക്കേഷൻ |

| | | | |
|---|---|---|---|
| | | | പ്രകാരമാണോയെന്ന് മൂന്നു മാസത്തിലാരിക്കൽ പരിശോധിച്ചിരിക്കണം.<br><br>7. കൂടാതെ ആശുപത്രി NQAS സർട്ടിഫിക്കറ്റ് ലഭിച്ചതോ, ഒരു വർഷത്തിനുള്ളിൽ നേടാൻ ആസൂത്രണം ചെയ്തതോ ആയിരിക്കണം.<br><br>8. ആന്റിബയോട്ടിക്കുകളുടെ അവെയർ (AWaRe) ക്ലാസിഫിക്കേഷൻ പ്രിസ്ക്രൈബ് ചെയ്യുന്ന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കണം.<br><br>9. പ്രിസ്ക്രൈബ് ചെയ്യുന്ന ആന്റിബയോട്ടിക്കുകളിൽ 95% അധികം അക്സസ് (Access) കാറ്റഗറിയിൽ നിന്നുള്ളതായിരിക്കണം.<br><br>10. പ്രൗഡ് (PROUD) പദ്ധതി അല്ലെങ്കിൽ ശാസ്ത്രീയ രീതിയിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ നീക്കം ചെയ്യാനുള്ള സംവിധാനം ഉണ്ടായിരിക്കണം.<br><br>ബ്ലോക്ക് എഎംആർ കമ്മിറ്റി ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു.<br><br>സംസ്ഥാനത്ത് എല്ലാ ആശുപത്രികളെയും ഘട്ടംഘട്ടമായി ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കി മാറ്റുകയാണ് ലക്ഷ്യമിടുന്നത്. അതിനുള്ള നിർദ്ദേശം നൽകുകയും പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിലെ കക്കോടി കുടുംബാരോഗ്യ കേന്ദ്രം രാജ്യത്തെ ആദ്യത്തെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി മാറി. തുടർന്ന് പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രവും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി മാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ